**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3093** **25-10-2021 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | തീരദേശ ഹൈവേ നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ പൂവാർ മുതൽ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം വരെ വിഭാവനം ചെയ്തിട്ടുള്ള തീരദേശ ഹൈവേയിലെ രണ്ട് റീച്ചുകളാണ് നിലവിൽ പ്രവൃത്തി പുരോഗമിക്കുന്നത്. മലപ്പുറം ജില്ലയിലെ പടിഞ്ഞാറേക്കര ഉണ്ണിയാൽ, താന്നൂർ മുഹ്‌യിദ്ദീൻ പള്ളി - കെട്ടുങ്ങൽ എന്നിവയാണ് ആ റീച്ചുകൾ. ഇതിനു പുറമെ തൃശ്ശൂർ ജില്ലയിലെ അഴീക്കോട് മുനമ്പം പാലം, കോഴിക്കോട് ജില്ലയിലെ കൊടിക്കൽ കൊളവി പാലം റീച്ച്, കുഞ്ഞാലിമരക്കാർ പാലം, കണ്ണൂർ ജില്ലയിലെ പാലക്കോട് കുന്നരു സിറ്റി റീച്ച്, എന്നീ പ്രവൃത്തികൾക്ക് കിഫ്ബി സാമ്പത്തികാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ബാക്കിയുള്ള റീച്ചുകളിലെ ഡി.പി.ആർ. തയ്യാറാക്കുവാൻ നാറ്റ്പാക്കിനെയും തൃശ്ശൂർ എറണാകുളം ജില്ലയിലേതിന് എൽ.ആന്റ്.ടി യെയുമാണ് ചുമതലപ്പെട്ടു ത്തിയിട്ടുള്ളത്. മലപ്പുറം മുതൽ കാസർഗോഡ് വരെയുള്ള മറ്റു റീച്ചുകളുടെ ഡി.പി.ആർ തയ്യാറാക്കുവാൻ കൺസൾട്ടൻസിയെ കണ്ടെത്തുവാനുള്ള ടെണ്ടർ സെപ്റ്റംബർ 16 ന് പ്രസിദ്ധീകരിച്ചു. 21/10/2021 ആണ് ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി. |
| (ബി) | തീരദേശ പാതയെ സംസ്ഥാനത്തെ തുറമുഖങ്ങളുമായി ബന്ധിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | NHAI യുടെ പോർട്ട് കണക്ടിവിറ്റി പദ്ധതിക്കായി തയ്യാറാക്കിയ ഡ്രാഫ്റ്റ് അലൈൻമെന്റിൽ ഉൾപ്പെട്ട തങ്കശ്ശേരി - കാവനാടി, പായിക്കുളങ്ങര - ആലപ്പുഴ ബൈപ്പാസ്, ആലപ്പുഴ ബൈപാസ്, ഫോർട്ട് കൊച്ചി - ഞാറക്കൽ, അറിയാളൂർ - കടലുണ്ടി, കടലുണ്ടി - കോഴിക്കോട് ബീച്ച് മലാപ്പറമ്പ, ചാൽ ബീച്ച് - അഴീക്കൽ, അഴീക്കൽ - പുതുവളപ്പ് എന്നീ റീച്ചുകൾ സംസ്ഥാന തീരദേശ പാതയിൽ കൂടി ഉൾപ്പെടുന്നു. |
| (സി) | പ്രസ്തുത പദ്ധതി പ്രാവർത്തികമാകുന്നതോടെ | (സി) | പ്രസ്തുത പ്രവൃത്തി യാഥാർത്ഥ്യമാവുന്നതോട് കൂടി |

| | | | |
|---|---|---|---|
| | സംസ്ഥാനത്തിന്റെ വിനോദസഞ്ചാര, വ്യാവസായിക, വാണിജ്യ, ഗതാഗത മേഖലകളിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ? | | സംസ്ഥാനത്തെ തുറമുഖങ്ങൾ, കടലോര വിദേശ സഞ്ചാരകേന്ദ്രങ്ങൾ എന്നിവ തമ്മിൽ ബന്ധിപ്പിക്കുന്ന 14 മീറ്റർ റോഡ് യാഥാർത്ഥ്യമാവുകയും അതുവഴി വാണിജ്യ രംഗത്തിന് വലിയ മുന്നേറ്റമാണ് വിഭാവനം ചെയ്യുന്നത്. ഹൈവേക്ക് സമാന്തരമായി സൈക്കിൾ ട്രാക്ക് കൂടി ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ടൂറിസം മേഖലയ്ക്കും പദ്ധതി ഏറെ ഗുണം ചെയ്യും. |

സെക്ഷൻ ഓഫീസർ